പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 132 | 28.06.2016 ൽ മറുപടി നല്കേണ്ടത്. |

## ഭക്ഷ്യ സുരക്ഷ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.ബി.ഗണേഷ് കുമാർ** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വന്നിട്ടും ഈ മേഖലയിൽ കാര്യക്ഷമമായ പരിശോധനകളോ, നിയന്ത്രണങ്ങളോ, നടപടികളോ ഉണ്ടാകുന്നില്ല എന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പച്ചക്കറികളിൽ വിഷാംശം ഉണ്ടോ എന്ന് കണ്ടെത്താനുള്ള സംവിധാനം എല്ലാ ചെക്ക്പോസ്റ്റുകളിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യാൻ സംസ്ഥാനതലത്തിൽ എന്തെങ്കിലും സംവിധാനമുണ്ടോ; വിശദമാക്കുമോ; | ബി) | അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പച്ചക്കറികളിൽ വിഷാംശം കണ്ടെത്തുന്നതിന വേണ്ടി സംസ്ഥാനത്തെ വിവിധ ചെക്ക്പോസ്റ്റുകളിൽ നിലവിൽ സ്ഥിരം സംവിധാനങ്ങളില്ല. എന്നാൽ ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് ഉത്സവകാലങ്ങളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്താറുള്ളതും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുള്ളതുമാണ്. അത്തരത്തിൽ ശേഖരിക്കുന്ന സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലബോറട്ടറികളിലും വെള്ളായണി കാർഷികകോളേജിലും പരിശോധനകൾക്ക് വിധേയമാക്കാറുണ്ട്. കൂടാതെ ഇത്തരം പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് നിലവിലുള്ള ലബോറട്ടറികൾ കൂടാതെ ചെക്ക്പോസ്റ്റ് ഉൾപ്പെടെയുള്ള കേന്ദ്രങ്ങളിൽ മിന്നൽ പരിശോധന നടത്തുന്നതിന് രണ്ട് മൊബൈൽ ലബോറട്ടറി യൂണിറ്റുകളുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. കൂടാതെ വാണിജ്യനികുതി, എക്സൈസ്, പോലീസ്, മൃഗസംരക്ഷണം എന്നീ വകുപ്പുമായി സഹകരിച്ച് വാളയാർ ചെക്ക്പോസ്റ്റിൽ സ്ഥിരമായി സംയുക്ത പരിശോധന നടത്താനുള്ള സംവിധാനം സംബന്ധിച്ച ചർച്ച അവസാനഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| സി) | ഭക്ഷ്യവസ്തുക്കളിൽ ചേർത്തിട്ടുള്ള മായം കണ്ടെത്തുന്നതിനുള്ള ആധുനിക ഉപകരണങ്ങളുള്ള ലബോറട്ടറികൾ സംസ്ഥാനത്തുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | സി) | ഉണ്ട്. തിരുവനന്തപുരം,എറണാകുളം എന്നീ അനലറ്റിക്കൽ ലബോറട്ടറികളിൽ ഭക്ഷ്യവസ്തുക്കളിൽ ചേർത്തിട്ടുള്ള മായം കണ്ടെത്തുന്നതിനുള്ള ആധുനിക ഉപകരണങ്ങളായ GCMSMS (Gas Chromatograph Mass Spectro Photometer), ICP-OES ഉൾപ്പെടെ അത്യാധുനിക ഉപകരണങ്ങൾ 1.85 കോടി, 1 കോടി രൂപ യഥാക്രമം ചെലവഴിച്ച് സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ